# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആതവനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA MPM13/1710/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 07/09/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആതവനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA MPM13/1710/2023 തീയ്യതി: 07/09/2023

## മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2022 മുതൽ 11-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2023 | 24-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2023 | 24-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ
ശ്രീ. ആലസ്സൻകുട്ടി. യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ലത. ഒ. വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സിനോബിയ. ടി. പി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. സക്കീർ ഹുസൈൻ .കെ. കെ. | സെക്രട്ടറി | 01-04-2022 | 28-08-2022 |
| | | 12-09-2022 | 14-12-2022 |
| ശ്രീ. മുഹമ്മദ് ഇസ്മായിൽ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-08-2022 | 11-09-2022 |
| | | 15-12-2022 | 24-01-2023 |
| ശ്രീമതി. അനിഷ. വി. | സെക്രട്ടറി | 25-01-2023 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അബ്ദുൾ ഖാലിക് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ.മുഹമ്മദ് സബാഹ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.പ്രവീണ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി. ഹാരിഫ | കൃഷി ഓഫീസർ | 01-04-2022 | 03-08-2022 |
| ശ്രീമതി. സുമയ്യ. വി. പി. | കൃഷി ഓഫീസർ | 04-08-2022 | 31-03-2023 |
| ശ്രീമതി. വസന്ത. സി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഗിരിജ പിള്ളക്കാട് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ. ഷേണനാഥ് | വെറ്ററിനറി സർജൻ | 01-04-2022 | 28-01-2023 |
| ഡോ. വിമൽ സി. വർഗ്ഗീസ് | വെറ്ററിനറി സർജൻ | 29-01-2023 | 19-02-2023 |
| ഡോ. അഞ്ജിത. കെ. | വെറ്ററിനറി സർജൻ | 20-02-2023 | 31-03-2023 |
| ശ്രീമതി. റഷീദ. എൻ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 01-04-2022 | 31-05-2022 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 01-06-2022 | 09-06-2022 |
| ശ്രീ. നിഥുൻ കുമാർ. ഇ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 1 | 10-06-2022 | 31-03-2023 |
| ശ്രീമതി. ഷജിത | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | 01-04-2022 | 06-07-2022 |

| | | | |
|---|---|---|---|
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | 07-07-2022 | 23-07-2022 |
| ശ്രീമതി. നിഷ. കെ. എ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - 2 | 24-07-2022 | 31-03-2023 |
| ശ്രീ. മുഹമ്മദ് ഇസ്മായിൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിസ്ന. എം. | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-3 |
| 5 | ഇൻകം ഓവർ എക്സ്പെന്റിച്ചർ തുക തെറ്റായി രേഖപ്പെടുത്തി | 1-1-4 |
| 6 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാനം സംബന്ധിച്ച അവലോകനം | 1-11 |
| 19 | ഒരേ പ്ലോട്ടിലെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകളായി വസ്തുനികുതി നിർണ്ണയിച്ചു. | 1-12 |
| 20 | ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയില്ല. | 1-13 |
| 21 | സ്ഥാപനതൊഴിൽനികുതി അടവാക്കിയില്ല. | 1-14 |
| 22 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-15 |
| 23 | വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ | 1-16 |
| 24 | ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല. | 1-17 |
| 25 | മരുന്നു മുഴുവനും ലഭ്യമാക്കിയില്ല. | 1-18 |
| 26 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ രസീത് ഉപയോഗത്തിലെ അപാകതകൾ | 1-19 |
| 27 | തെരുവു വിളക്ക് സ്ഥാപിക്കൽ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-20 |

| | | |
|---|---|---|
| 28 | ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസ് IT ഈടാക്കിയില്ല | 1-21 |
| 29 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതിയില്ല- സി.ഡി.എസ്. അക്കൗണ്ടിൽ പദ്ധതിപ്പണം മുടങ്ങിക്കിടക്കുന്നു | 1-22 |
| 30 | ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചില്ല | 1-23 |
| 31 | വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതരണം- അപാകതകൾ | 1-24 |
| 32 | മരുന്ന് ലഭ്യമായില്ല. | 1-25 |
| 33 | കാട്ടിലങ്ങാടി ജി.എൽ.പി സ്കൂൾ നവീകരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-26 |
| 34 | വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല | 1-27 |
| 35 | കേരള സാമൂഹ്യ സുരക്ഷാമിഷന് വിഹിതം | 1-27-1 |
| 36 | ജലജീവൻ മിഷൻ പദ്ധതിയ്ക്ക് വിഹിതം | 1-27-2 |
| 37 | ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 1-27-3 |
| 38 | മിനിമാസ്റ്റ്/ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1-27-4 |
| 39 | സമഗ്ര ശിക്ഷ കേരള പദ്ധതിയ്ക്ക് വിഹിതം | 1-27-5 |
| 40 | സാക്ഷരത/തുടർ സാക്ഷരത പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-28 |
| 41 | രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 37(1)/17.06.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 26.06.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം — ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി: — കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയായി രേഖപ്പെടുത്തിയില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും 310900101, 350300101 എന്നീ ശീർഷകങ്ങളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-4 ഇൻകം ഓവർ എക്സ്പെന്റിച്ചർ തുക തെറ്റായി രേഖപ്പെടുത്തി

ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക സംഗ്രഹം പ്രകാരം വരവ് - ചെലവ് = ₹16,65,16,628 - ₹15,85,99,928 =

₹79,16,700 ആണ്. മുൻകാല വരവ് - മുൻകാല ചെലവ് = ₹1,07,977 - ₹6,05,162 = ₹-4,97,185 ആണ്. എന്നാൽ വാർഷിക കണക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രികയിൽ ഇത് ₹4,97,185 എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാരണത്താൽ, മുൻകാല വരവ് ചെലവുകൾ ക്രമീകരിച്ചതിന് ശേഷമുള്ള ഇൻകം ഓവർ എക്സ്പെന്റിച്ചർ തുകയായി ₹79,16,700+(₹-4,97,185) = ₹74,19,515 എന്ന് രേഖപ്പെടുത്തുന്നതിന് പകരം ₹79,16,700+₹4,97,185 = ₹84,13,885 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തൻവർഷത്തെയും മുൻവർഷത്തെയും ബാലൻസ് ഷീറ്റുകളിലെ B1 ഷെഡ്യൂളുകളിൽ 310900101 – Excess Of Income Over Expenditure ശീർഷകത്തിൽ രേഖപ്പെടുത്തിയ തുകകൾ തമ്മിലുള്ള വ്യത്യാസം പരിശോധിക്കുമ്പോൾ ₹3,87,18,413.45 - ₹3,12,98,898.45 = ₹74,19,515 എന്ന് ലഭിക്കുന്നതിനാൽ തൻവർഷത്തെ ഇൻകം ഓവർ എക്സ്പെന്റിച്ചർ തുക ബാലൻസ് ഷീറ്റിലേയ്ക്ക് ശരിയായി ക്യാരി ഓവർ ചെയ്തിട്ടുള്ളതായി മനസ്സിലാക്കാം.

## 1-1-5 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹38,85,021), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹1,97,98,715) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-6 ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പുവരുത്താനായില്ല.

## 1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

ആസ്തി രജിസ്റ്റർ (സചിത്രം) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/23.03.2022 | 2(1)/09.02.2023 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---:|
| മുന്നിരിപ്പ് | 4,32,65,857 |
| വരവ് | 7,55,22,536 |
| ആകെ | 11,87,88,393 |
| ചെലവ് | 5,57,23,821 |
| നീക്കിയിരിപ്പ് | 6,30,64,572 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---:|---:|---:|---:|---:|
| വികസനഫണ്ട് (ജനറൽ) | 0 | 3,03,41,202 | 3,03,41,202 | 2,68,31,799 | 35,09,403 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 39,89,061 | 39,89,061 | 35,77,695 | 4,11,366 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1,14,74,000 | 1,14,74,000 | 96,41,002 | 18,32,998 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 69,16,000 | 69,16,000 | 59,46,991 | 9,69,009 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 1,07,79,326 | 1,07,79,326 | 77,44,260 | 30,35,066 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 49,65,969 | 49,65,969 | 47,07,786 | 2,58,183 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 282 | 16,76,66,083 | 191 | 9,19,82,432 | 62 | 29 | 67.73% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 642 | 10,46,061 | 10,46,703 | 10,44,699 | 2,004 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,42,92,020 | 1,42,92,020 | 1,42,92,020 | 0 |
| ആകെ | 642 | 1,53,38,081 | 1,53,38,723 | 1,53,36,719 | 2,004 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 5,15,200 | 49 |
| വിധവാപെൻഷൻ | 1,46,06,900 | 1375 |
| വാർദ്ധക്യകാലപെൻഷൻ | 2,79,96,700 | 2802 |
| വികലാംഗപെൻഷൻ | 58,43,500 | 562 |
| വിവാഹ ധനസഹായം | 90,000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2,39,400 | 23 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2023 ന് 02.30PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,001/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല
2.വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. അത് കൊണ്ട് തന്നെ മോണിറ്ററിംഗ് ഫലപ്രദമായി നടക്കുന്നില്ല
3. പൊതു ടാപ്പുകളുടെ കൃത്യമായ എണ്ണം നിശ്ചയിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതുണ്ട്.
4. തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം, അവയുടെ ലൊക്കേഷൻ എന്നിവ കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.11.2022 | 08/2022 മുതൽ | 12.08.2022 |

| | | | |
|---|---|---|---|
| | | 09/2022 വരെ | |
| എ.ജി ഓഡിറ്റ് | 30.10.2019 - 01.11.2019 | 2014-15 മുതൽ 2018-19 വരെ | 11.12.2019 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഓഡിറ്റ് വർഷത്തിൽ 17 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കൽ, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയോ നിലവിലുള്ള തനത് വരുമാന സ്രോതസ്സുകൾ സമയബന്ധിതമായി സമാഹരിക്കുന്നതിന് ചർച്ച നടത്തുകയോ ചെയ്തിട്ടില്ല.

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരുമാനവും 2022-23 വാർഷിക കണക്ക് പ്രകാരമുള്ള യഥാർത്ഥ വരുമാനവും തമ്മിൽ പ്രധാനമായും താഴെപറയും പ്രകാരം വ്യത്യാസമുണ്ട്.

| ക്രമ നം | ഇനം | 2022-23 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരുമാനം (₹) | 2022-23 വർഷത്തെ വാർഷിക കണക്ക് പ്രകാരം യഥാർത്ഥ വരുമാനം(₹) | വ്യത്യാസം ((+)കുറവ്/(-)അധികം) | പ്രതീക്ഷിത വരുമാനം സമാഹരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|
| 1 | വസ്തുനികുതി | 1,50,00,000 | 1,16,46,632 | 33,53,368 | 77.6% |
| 2 | തൊഴിൽനികുതി | 33,00,000 | 21,11,720 | 11,88,280 | 64.0% |
| | ആകെ നികുതി വരുമാനം | 1,83,00,000 | 1,37,58,352 | 45,41,648 | 75.2% |
| 3 | ഫീ & യൂസർ ചാർജസ് | 19,70,000 | 15,10,478 | 4,59,522 | 76.7% |
| 4 | സെയിൽ & ഹയർ ചാർജസ് | 5,50,000 | 38,200 | 5,11,800 | 6.9% |
| 5 | നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം | 10,00,000 | 1,77,678 | 8,22,322 | 17.8% |
| 6 | ബാങ്ക് പലിശ | 6,00,000 | 10,28,414 | -4,28,414 | 171.4% |
| 7 | മറ്റ് വരവുകൾ | 50,000 | 5,339 | 44,661 | 10.7% |
| | ആകെ നികുതിയേതര വരുമാനം | 41,70,000 | 27,60,109 | 14,09,891 | 66.2% |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് കാര്യക്ഷമമായി സമാഹരിക്കുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങളൊന്നും കൈക്കൊണ്ടതായി കാണുന്നില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വിവിധ നികുതി/നികുതിയേതര വരവുകളിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന കുടിശ്ശിക തുക സംബന്ധിച്ച് ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD /20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആതവനാട് ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10.05.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ, കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ 2(1) നമ്പർ തീരുമാന പ്രകാരവും, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവ 2(2) നമ്പർ തീരുമാന പ്രകാരവും താത്ക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. മേൽ ഭരണ സമിതി തീരുമാനങ്ങൾ A2-3974/2023 തിയ്യതി 15.05.2023 നമ്പർ കരട് വിജ്ഞാപനമായി പുറപ്പെടുവിച്ച് പത്രത്തിൽ പരസ്യം ചെയ്തിട്ടുമുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുൻപായി രണ്ടു പത്രത്തിൽ കൂടി അറിയിപ്പ് നൽകേണ്ടതാണ്. ആയതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറക്ക് സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിരക്കുകളിൽ ഈ മാറ്റം വരുത്തുന്നതാണ്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല. ഇത് കാരണം, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് നിലവിൽ പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, അന്തിമ വിജ്ഞാപനം വരുന്ന മുറക്ക് പുതിയ നിരക്കിൽ നികുതി നൽകുന്നതാണെന്ന സമ്മതപത്രം കെട്ടിട ഉടമയിൽ നിന്നും വാങ്ങി സൂക്ഷിക്കുകയുമാണ് ചെയ്യുന്നത്.

4. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 261 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാൻ പഞ്ചായത്ത് ഭരണസമിതി 10.05.2023 തീയ്യതിയിലെ 3(2) നമ്പർ ആയി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

വസ്തുനികുതി നിർണ്ണയം നടത്തുമ്പോൾ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്നത് മൂലം ഈയിനത്തിൽ വരവ് നഷ്ടം ഉണ്ടാകുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-12 ആയി നൽകിയിരിക്കുന്നു.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ആതവനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3. 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതികൾ യഥാസമയം അടവാക്കാത്തതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1-13, 1-14 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മറ്റിനങ്ങൾ

1. ഉപയോഗശൂന്യമായ ഫർണിച്ചറും മറ്റു പാഴ് വസ്തുക്കളും നിലവിൽ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ഇവ ലേലം ചെയ്ത് കൈയ്യൊഴിഞ്ഞ് പഞ്ചായത്ത് ഫണ്ടിലേക്ക് വരുമാനം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പുത്തനത്താണിയിലുള്ള ബസ്സ്റ്റാന്റ് നിലവിൽ ലേലം ചെയ്യുകയോ ബസുകൾ കയറി ഇറങ്ങുന്നതിന് ഗ്രാമ പഞ്ചായത്തിന് ഫീ യിനത്തിൽ വരവ് ലഭിക്കുകയോ ചെയ്യുന്നില്ല. ബസ്സ്റ്റാന്റിന് അകത്ത് നിർമ്മിച്ചിട്ടുള്ള ടേക്ക്.എ.ബ്രേക്ക് ടോയ്ലറ്റ് കുടുംബശ്രീ യൂണിറ്റിനെ ഏൽപിച്ച് വാടക പിരിച്ച് പഞ്ചായത്തിന് വരവ് ലഭിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. ബസ്സ്റ്റാന്റ് ലേലം ചെയ്യുകയും ടോയ്ലറ്റ് കുടുംബശ്രീ യൂണിറ്റിനെ ഏൽപിച്ച് വാടക പിരിക്കുന്നതിന് സൗകര്യമേർപ്പെടുത്തുകയും ചെയ്ത് ഗ്രാമ പഞ്ചായത്തിന് വരുമാന വർദ്ധനവ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

3. മുൻ വർഷങ്ങളിൽ ഇ-ടെണ്ടർ ചെയ്തതിലൂടെ ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വന്നിട്ടില്ല. ടെണ്ടർ ഫീ ഇനത്തിൽ മുൻ വർഷങ്ങളിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ച് 52,780 രൂപയുടെ വിവരം കണക്കാക്കി അത് തിരികെ ലഭ്യമാക്കുന്നതിന് 9.5.22 ന് അസി.എഞ്ചിനീയർ അസി.എക്സി.എഞ്ചിനീയർക്ക് കത്ത് അയച്ചിട്ടുണ്ട് (AE/General /12/22-23 Dtd.9.5.22). എന്നാൽ നാളിത് വരെ തുക ലഭ്യമായിട്ടില്ല. ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ടതായ ടി- തുക ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ഒരേ പ്ലോട്ടിലെ കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകളായി വസ്തുനികുതി നിർണ്ണയിച്ചു.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തിരിക്കേണ്ടതും, ചട്ടം 6 പ്രകാരം ഈ മേഖലകളിലെ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിന്മേൽ യഥാക്രമം 0%, 10%, 20% എന്നിങ്ങനെ ഇളവ് നൽകാവുന്നതുമാണ്.

സഞ്ചയ സോഫ്റ്റ്വെയറിൽ ലഭ്യമായ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഒരേ ആളുടെ ഉടമസ്ഥതയിലും ഒരേ പ്ലോട്ടിലും സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്തമായ മേഖലകൾ അടിസ്ഥാനമാക്കി വസ്തുനികുതി നിർണ്ണയിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമസ്ഥൻ | വാർഡ് | സർവ്വേ നം | കെട്ടിടനമ്പർ | ഉപയോഗക്രമം | മേഖല |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ഉമ്മുസൽമ്മ ഏന്തീൻകുട്ടി ചാത്തനാത്തിൽ ഹൌസ്, | 2 | 1/3B, 5/1 (Kurumbathur) | 242/E | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | പ്രഥമം |
| | | | | 242/F | " | ദ്വിതീയം |
| 2 | അഹമ്മദ് നാസർ മണ്ടായപ്പുറത്ത്, കരിപ്പോൾ | 8 | 17/7b2 (Athavanad) | 188/A മുതൽ D വരെ | " | ദ്വിതീയം |
| | | | | 188/E മുതൽ F വരെ | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | പ്രഥമം |
| 3 | യാഹു ഹാജി, അത്തിക്കപ്പറമ്പിൽ, ദാമോദരൻപടി | 22 | 179/1B 2 (Kurumbathur) | 703/A മുതൽ J വരെ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | പ്രഥമം |
| | | | | 703/K | " | ദ്വിതീയം |

ഒരേ പ്ലോട്ടിൽ തന്നെ സ്ഥിതി ചെയ്യുന്ന വ്യത്യസ്ത കെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലകളിൽ വസ്തുനികുതി നിർണ്ണയിച്ച അപാകത സംബന്ധിച്ച് നൽകിയ 14.07.2023 തീയ്യതിയിലെ ഓഡിറ്റ് എൻക്വയറി നം. 2ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ വസ്തുനികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ലെങ്കിൽ ഇതുമൂലം അടിസ്ഥാന വസ്തുനികുതിയിന്മേൽ 10% വരവ് നഷ്ടത്തിന് കാരണമാകുന്നതാണ്. അപാകത പരിഹരിച്ച് ശരിയായ മേഖലയിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 ജീവനക്കാരുടെ തൊഴിൽനികുതി അടവാക്കിയില്ല.

ആതവനാട് ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, സ്ഥാപനങ്ങൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽനികുതി അടവാക്കിയില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബോംബെ ഗോൾഡ് | 2nd |
| 2 | ആതവനാട് വില്ലേജ് ഓഫീസ് | 1st |
| 3 | വിദ്യാഭാരതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് | 2nd |
| 4 | സ്റ്റൈലോ ഫർണിച്ചർ | 2nd |
| 5 | മർക്കസ് മെയിൻ ഓഫീസ് | 1st |
| 6 | മർക്കസ് ബോർഡിങ്ങ് ഹോസ്റ്റൽ | 1st, 2nd |
| 7 | മെട്രോ ചിൽഡ്രൻസ് ഹോസ്പിറ്റൽ | 1st, 2nd |
| 8 | ഡി.ടി.ഡി.സി പുത്തനത്താണി | 2nd |
| 9 | ആർദ്രം ഹോസ്പിറ്റൽ | 2nd |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/ 19.07.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 സ്ഥാപനതൊഴിൽനികുതി അടവാക്കിയില്ല.

ആതവനാട് ഗ്രാമപഞ്ചായത്ത് 2022-23 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, സ്ഥാപനങ്ങൾ സമർപ്പിച്ച സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ - പുത്തനത്താണി ശാഖ | 1st, 2nd |
| 2 | കെ.വി.ആർ ഓട്ടോ കാർസ് പ്രൈ. ലി. | 1st, 2nd |
| 3 | മർക്കസ് ഇംഗ്ലീഷ് സ്കൂൾ | 1st, 2nd |
| 4 | മർക്കസ് ഹയർ സെക്കണ്ടറി സ്കൂൾ | 1st, 2nd |
| 5 | മർക്കസ് ട്രെയിനിങ്ങ് കോളേജ് | 1st, 2nd |
| 6 | മർക്കസ് ആർട്സ് ആന്റ് സയൻസ് കോളേജ് | 1st, 2nd |
| 7 | വിദ്യാഭാരതി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ് | 2nd |
| 8 | മെട്രോ ചിൽഡ്രൻസ് ഹോസ്പിറ്റൽ | 1st, 2nd |
| 9 | ആർദ്രം ഹോസ്പിറ്റൽ | 2nd |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/ 19.07.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായോ പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22 വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ, പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ -1/12.7.2023] നൽകുകയും, ആയതിന് സ്ഥാപനം 22.7.2023 ന് ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | പ്രൊജക്റ്റ് നം | പ്രൊജക്റ്റ് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏജൻസി | മുൻകൂർ നൽകിയ തുക(₹)/ഫണ്ട് ഇനം | ചെലവഴിച്ച തുക (₹) (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|---|---|---|
| 1 | 2015-16 | 326 | മുളക്കത്തൊടി ഇലക്ട്രിക്കൽ ലൈൻ മാറ്റൽ | AE(LSGD) | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 52,646 Development Fund(S.C.P) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 52,646 |
| 2 | 2015-16 | 327 | പറക്കുന്ന് പറമ്പ് ഇലക്ട്രിക് ലൈൻ മാറ്റൽ | AE(LSGD) | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 24,997 Development Fund(S.C.P | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 24,997 |
| 3 | 2016-17 | 187 | തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | SEC (GP) | കേരളാ വാട്ടർ അതോറിറ്റി | 27,02,832 Development Fund(KLGSDP Grant)-central | 7,98,892 രൂപ 27.04.2022ന് തിരികെ നൽകി | 19,03940 |
| 4 | 2017-18 | 137 | സ്ട്രീറ്റ് മെയിൻ | SEC (GP) | കേരളാ | 7,37,084 | വിനിയോഗ | 7,37,084 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | Development Fund(General) | സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | |
| 5 | 2017-18 | 230 | തിരുന്നാവായ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | SEC (GP) | കേരളാ വാട്ടർ അതോറിറ്റി | 25,00,000 Development Fund(CFC Basic Grant ) | 5,70,326 രൂപ 27.04.2022ന് തിരികെ നൽകി | 19,29,674 |
| 6 | 2018-19 | 2 | തിരുന്നാവായ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | SEC (GP) | കേരളാ വാട്ടർ അതോറിറ്റി | 30,00,000 Development Fund(CFC Basic Grant ) | 4,27,902 രൂപ 27.04.2022നും, 12,04,124 രൂപ 06.07.2022നും തിരികെ നൽകിയിട്ടുണ്ട്. | 13,67,974 |
| 7 | 2018-19 | 145 | സ്ട്രീറ്റ് മെയിൻ | SEC (GP) | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 9,89,784 Development Fund(CFC Basic Grant ) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 9,89,784 |
| 8 | 2019-20 | 2 | തിരുന്നാവായ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | SEC (GP) | കേരളാ വാട്ടർ അതോറിറ്റി | 35,00,000 Development Fund(CFC Basic Grant ) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 35,00,000 |
| 9 | 2020-21 | 145 | സ്ട്രീറ്റ് മെയിൻ | SEC (GP) | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 5,08,998 Development Fund(CFC Basic Grant ) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 5,08,998 |
| 10 | 2020-21 | 347 | ജലജീവൻ മിഷൻ പദ്ധതി – പഞ്ചായത്ത് വിഹിതം നൽകൽ | SEC (GP) | കേരളാ വാട്ടർ അതോറിറ്റി | 13,50,000 Development Fund(General) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 13,50,000 |
| 11 | 2021-22 | 9 | ജലജീവൻമിഷൻ പദ്ധതി – പഞ്ചായത്ത് വിഹിതം നൽകൽ | SEC (GP) | കേരളാ വാട്ടർ അതോറിറ്റി | 15,00,000 Development Fund(General) | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 15,00,000 |
| | | | ആകെ | | | 1,68,66,341 | | 1,38,65,097 |

മേൽ പ്രവൃത്തികളിലായി 1,38,65,097 രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വിവിധ ഏജൻസികളിൽ അവശേഷിക്കുന്നുണ്ട്. ആയത് പ്രൊജക്ട് പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചതിന്റെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-16 വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം-അപാകതകൾ

അടങ്കൽ :814490 (പ്ലാൻ)

ആകെ ചെലവ് : 810678/- (ബിൽ നം 315/28.2.23)

2022-23 വർഷത്തിൽ ഐ.സി.ഡി.എസ്. സൂപ്പർ വൈസർ നിർവഹിച്ച വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വിതരണം (138/2023) എന്ന പദ്ധതി പ്രകാരം, മുതിർന്ന പൗരൻമാർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി കാഡ്കോ യിൽ നിന്നും ഇൻവോയ്സ് നം 522/22.2.23പ്രകാരം 4289രൂപ നിരക്കിൽ 189 കട്ടിലുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) 60 വയസ്സ കഴിഞ്ഞ വയോജനങ്ങൾക്കാണ് പദ്ധതി മാർഗരേഖ പ്രകാരം മേൽ ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ 60 വയസ്സിന് താഴെയുള്ള ചുവടെ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾക്കും ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | വാർഡ് | ജനനതീയതി (ആധാർ പ്രകാരം) | വയസ്സ് |
|---|---|---|---|
| അയിഷക്കുട്ടി കരിങ്കപാറ | 4 | 19.7.1969 | 54 |
| പരമേശ്വരൻ വാറേക്കളം | 11 | 1966 | 57 |
| ഉമ്മാത്തു മണാട്ടിൽ | 13 | 1968 | 55 |

2)വിതരണ രേഖ പ്രകാരം കട്ടിലുകൾ കൈപറ്റിയ 6-ാം വാർഡിലെ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പ്രായം വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1.മുഹമ്മദ് കല്ല വെട്ടു കുഴിയിൽ

2.ആലിക്കുട്ടി ചാത്തേരി

3.അബ്ദുസമദ് .കെ

4.മുഹമ്മദ് കുട്ടി .കെ

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം 17/21.7.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-17 ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്,എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടി ക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗ നിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

ആതവനാട് ഗ്രാമപഞ്ചായത്തിൽ 8/2019ലാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. പ്രാരംഭഘട്ടത്തിൽ 22 വാർഡുകളിലായി 4 അംഗങ്ങൾ മാത്രമാണുണ്ടായിരുന്നത്. ഇപ്പോൾ ഹരിതകർമസേനയിൽ 21 അംഗങ്ങളുണ്ട്. 2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി മൂലധന ചെലവൊഴികെ തുക വകയിരുത്തിയതിന്റെയും ചെലഴിച്ചതിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു

| വകയിരുത്തിയ തുക | | പ്രൊജക്ട് | ബിൽ നം/ചെക്ക് നം തീയതി | ചെലവഴിച്ച തുക |
|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 780625 | ഹരിതകർമസേന പ്രവർത്തനം- ചെലവ് (72/2022-23) | 242/3.11.22 | 142285 |
| പ്ലാൻ | 60000 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (306/2022-23) | 218/5.7.22 | 54450 |
| ആകെ | 225000 | | | 196375 |

ഈ പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനം പരിശോധിച്ചതിൽ സർക്കാർ ഉത്തരവു പ്രകാരം ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടക്കുന്നില്ല എന്നു വ്യക്തമായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ

കൊടുക്കുന്നു.

1) ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം കുടുബശ്രീ അംഗങ്ങളിൽ നിന്ന് രൂപീകരിക്കുന്ന ഹരിത കർമ്മസേനയെ കൺസോർഷ്യമായും മൈക്രോസംരംഭ ഗ്രൂപ്പുകളായും തരം തിരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ ഹരിത സംരംഭങ്ങൾ രൂപീകരിക്കുന്ന ഒരു സംഘടനയാണ് ഹരിത കൺസോർഷ്യം. ഓരോ വാർഡുകളിലേയും വീട്ടുകളുടേയും എണ്ണം അനുസരിച്ച് പരമാവധി 2 പേരെ നിയോഗിക്കേണ്ടതും ഇത്തരത്തിൽ 3 മുതൽ 5 വരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതുമാണ്. ഓരോ സംരംഭക പ്രവർത്തന പരിധിയിലും 250 വീടുകളെങ്കിലും ഉണ്ടാകേണ്ടതുമാണ്. എന്നാൽ ഇത്തരം ഘടനാപരമായ സംവിധാനങ്ങളൊന്നുമില്ലാതെയാണ് 22 വാർഡുകളുള്ള പഞ്ചായത്തിൽ 4 പേരെ അംഗങ്ങളാക്കി ഹരിതകർമ്മസേന രൂപീകരിച്ചിട്ടുള്ളത്.

2)12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകൾ നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. ഗ്രാമപഞ്ചായത്തിന് മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ കഞ്ഞിപ്പുരയിൽ (8 വാർഡ്) സ്വന്തമായ ഒരു എം സി എഫ് ഉണ്ടങ്കിലും പരിമിതമായ സ്ഥലസൗകര്യത്തോടുകൂടിയാണ് (740 സ്ക്വയർമീററിലുള്ള) എം സിഎഫ് പ്രവർത്തിയ്ക്കുന്നത്.എം സി എഫ് കൂടാതെ 10 മിനി എം.സി.എഫുകളും പഞ്ചായത്തിനുണ്ട്.നിലവിലുള്ള എം.സി.എഫ് പഞ്ചായത്തിന്റെ ആവശ്യത്തിന് പര്യാപ്തമല്ല.

3.മാലിന്യ ശേഖരണത്തിനുള്ള ചെലവുകൾ കണ്ടെത്തുന്നതിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്. യൂസർ ഫീ കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുമ്പാൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം. യൂസർഫീ പിരിച്ചെടുക്കുന്നതിന്റെ കണക്കുകൾ സൂക്ഷിക്കുന്നതിന് ഒരു കളക്ഷൻ ബുക്ക്, കളക്ഷൻ കാർഡ്, രസീത് ബുക്ക് എന്നിവ വേണം. വീടുകൾക്ക് 50 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 100 രൂപയുമാണ് യൂസർഫീയായി നിശ്ചയിച്ചിട്ടുള്ളത്. പ്രൊജക്റ്റ് നം 72/2022-23 ഉൾപ്പെടുത്തി വാങ്ങിയ 500 രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ കൃത്യമായ വിതരണ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

4.മാലിന്യസംസ്കരണം തുടർച്ചയായി ചെയ്ത് വരേണ്ട പ്രവൃത്തിയും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെട്ടതുമാണ്. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ ചാക്ക് ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും പ്രോജക്റ്റ് തയ്യാറാക്കി ചാക്ക് /സഞ്ചി വാങ്ങി നൽകാൻ ഭരണസമിതി നടപടി സ്വീകരിച്ചില്ല.

5. എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ മുഴുവൻ കോളങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

6.പ്രൊജക്റ്റ് നം 72/2022-23 ൽ ഉൾപ്പെടുത്തി 500രസീത് ബുക്കുകളും 230 പ്രന്റഡ് ബുക്കുകളും എം സി എഫിലേയ്ക്ക് 14ഫൈബർ കസേരകളും 17 റയിൽ കോട്ട് ഒരു ലാഡർ 2ഫയർ എക്സ്റ്റിങ്ക്യഷരുകൾ എന്നിവയും വാങ്ങിയിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക് സംബന്ധിച്ച വിവരം പരിശോധനക്ക് ഹാരാക്കിയിട്ടിയിട്ടില്ല.

7.ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 124.10.2019മുതൽ 40202101074419നമ്പരിൽ ഗ്രാമീണ ബാങ്ക് പുത്തനത്താണി ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക്/ ക്യാഷ് ബുക്ക് പ്രകാരം 31.3.2023 ന് 1267രൂപയാണ് നീക്കിയിരിപ്പ്.10.7.23ന് 96679 രൂപ നീക്കിയിരിപ്പുണ്ട്. ക്യാഷ് ബുക്കിൽ ചെലവിന്റെ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

8) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ നടത്തേണ്ടതാണ്.എന്നാൽ 19.7.22 മുതലുള്ള മിനിട്സ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

9)മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, മാലിന്യങ്ങൾ ക്ലീൻ കേരളക്ക് വിൽക്കുമ്പോൾ ലഭിക്കുന്ന തുകയുമാണ് വരുമാനം. മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണം 26/24.7.23ന് അപാകതകൾ മുഴുവനായും പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണെന്നും കഞ്ഞിപ്പുരയിലുള്ള എം സി എഫ് വിശാലമാക്കുന്നതിനും സെഗ്രിഗേറ്റിംഗ് മെഷീൻ, ബെയിലിംഗ് മെഷീൻ എന്നിവ വാങ്ങുന്നതിനും 2023-24 സാമ്പത്തികവർഷത്തിൽ പ്രൊജക്റ്റുകൾ വച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. അംഗങ്ങളുടെ പ്രവർത്തനം മുഴുവൻ വാർഡുകളിലും നടക്കുന്നുണ്ടെങ്കിലും ഹരിത കർമ്മസേനയിൽ പ്രവർത്തിയ്ക്കുന്ന അംഗങ്ങളുടെ കുറവുമൂലവും ജനങ്ങളുടെ നിസസഹകരണം മൂലവും മുഴുവൻ വീടുകളിലും എത്തിച്ചേരാനും യൂസർ ഫീ യഥാസമയം പിരിച്ചെടുക്കാൻ സാധിയ്ക്കുന്നില്ലെന്ന് അംഗങ്ങൾ വാക്കാൽ അറിയിച്ചു.

ആസൂത്രണത്തിലേയും സംഘാടനത്തിലേയും പിഴവ്, അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിലെ കാലതാമസം, ബോധവൽക്കരണം, മോണിറ്ററിംഗ് തുടങ്ങിയവയുടെ കുറവ്, പൊതു ജനങ്ങളുടെ നിസ്സഹകരണം, തുടങ്ങി വിവിധ കാരണങ്ങളാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം നിലവിൽ ആശാവഹമല്ല. കൂട്ടായ പ്രവർത്തനത്തിലൂടെ മേൽ അപാകതകൾ പരിഹരിക്കാൻ ആത്മാർത്ഥമായ ശ്രമം ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-18 മരുന്നു മുഴുവനും ലഭ്യമാക്കിയില്ല.

പ്രൊജക്ടിന്റെപേര്&നം : പി.എച്.സിയിലേയ്ക്ക് മരുന്നു വാങ്ങൽ (2/23)

അടങ്കൽ : 1172386/-

ചെലവ് : 1171668/-

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, മേൽ പ്രൊജക്ട് പ്രകാരം പി.എച്.സിയിലേയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി കെ എം എസ് സി എല്ലിന് മുൻകൂറായി 1146000/- നൽകിയിട്ടുണ്ട്. എന്നാൽ പ്രഫോർമ ഇൻവോയ്സ് നം PRF438/22.6.22, PRF 5112/9.3.23 എന്നിവ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ഓഡിറ്റ് തീയതി വരെയും കെ എം എസ് സി എല്ലിൽ നിന്നും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1)PRF438/22.6.22 തുക 8ലക്ഷം ബിൽ നം 29/5.7.22

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|
| 10289/3.9.22 | 41761 | |
| 10298/13.9.22 | 125055 | |
| 12200/26.9.22 | 4704 | |
| 14612/21.10.22 | 83370 | |
| 15144/28.10.22 | 21646 | |
| 15616/2.11.22 | 3610 | |
| 16172/5.11.22 | 12663 | |
| 17152/15.11.22 | 6003 | |
| 18422/23.11.22 | 8200 | |
| 18722/25.11.22 | 93677 | |
| 18739/25.11.22 | 35728 | |
| 22802/11.1.23 | 24640 | 221368 |
| 23003/11.3.23 | 22176 | |
| 16928/11.11.22 | 5786 | |
| 23004/30.3.23 | 444 | |
| 26501/4.3.23 | 448 | |
| 27336/21.3.23 | 2374 | |
| 381/5.4.23 | 19130 | |
| 956/18.4.23 | 38640 | |
| 249/26.4.23 | 887 | |
| 3642/24.5.23 | 13343 | |
| 7467/3.6.23 | 14347 | |
| ആകെ | 578632 | |

1)PRF 5112/9.3.23 തുക 346000/- ബിൽ നം 42/26.7.22

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|
| 1983/5.5.23 | 4019 | |
| 3724/15.5.23 | 34360 | 303785 |
| 7117/1.6.23 | 3836 | |
| ആകെ | 42215 | |

അവശേഷിയ്ക്കുന്ന 525153 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറി നം.25/22.7.23യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.വിവരം പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കി അറിയിയ്ക്കേണ്ടതാണ്.

## 1-19 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ രസീത് ഉപയോഗത്തിലെ അപാകതകൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ രസീത് ഉപയോഗിച്ച് നടത്തിയ പണപ്പിരിവിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/20.07.2023ന് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. രസീതുകൾ തയ്യാറാക്കുന്നതിന് ഡബിൾ ഫേസ്ഡ് കാർബൺ പേപ്പർ ഉപയോഗിക്കേണ്ടതാണെങ്കിലും ബുക്ക് നമ്പർ 13360 ലെ 6 മുതൽ 60 വരെ രസീതുകൾക്ക് ഇപ്രകാരം ചെയ്തിട്ടില്ല. കാർബൺ പേപ്പർ മടക്കി വച്ചതിനാൽ ഉണ്ടായ പിഴവ് ആണെന്നും ഭാവിയിൽ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.
2. പരിശോധനയ്ക്ക് ഹാജരാക്കിയ രസീത് ബുക്ക് നം. 20439ലെ 20, 21 നമ്പർ രസീതുകൾ ഉപയോഗിച്ച് 31.03.2023 തീയ്യതിയിൽ 5,090 രൂപ വീതമായി ആകെ 10,180 രൂപയ്ക്കുള്ള രസീതുകൾ തയ്യാറാക്കിയിട്ടുണ്ട്. അതുപോലെ, ബുക്ക് നം. 20443ലെ രസീത് നം. 78 മുതൽ 100 വരെ, ബുക്ക് നം. 20444ലെ രസീത് നം. 1 മുതൽ 15 വരെ എന്നിങ്ങനെ ആകെ 38 രസീതുകളാൽ 430 രൂപ വീതമായി ആകെ 16,340 രൂപയ്ക്കുള്ള രസീതുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ തുകകൾ പിരിച്ചെടുത്ത വിവരം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ തുക ഫ്രണ്ട് ഓഫീസിൽ അടവാക്കുകയോ ചെയ്തിട്ടില്ല. മേൽ രസീതുകൾ ഗുണഭോക്തൃ വിഹിതം സ്വീകരിക്കുന്നതിനായി തയ്യാറാക്കിയതാണെന്നും, ഇതുപയോഗിച്ച് പണപ്പിരിവ് നടത്തിയിട്ടില്ലെന്നും, പണം പിരിച്ചെടുക്കുന്ന മുറയ്ക്ക് വിവരം കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി തുക ഫ്രണ്ട് ഓഫീസിൽ അടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. പണം കൈപ്പറ്റുന്ന മുറയ്ക്ക് നൽകേണ്ട രസീതുകൾ മുൻകൂട്ടി തയ്യാറാക്കി വെയ്ക്കുന്നത് ശരിയായ നടപടിയല്ല. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
3. ബുക്ക് നം. 20439ലെ രസീത് നം. 23 മുതൽ 97 വരെ, രസീത് നം. 100, ബുക്ക് നം. 20443ലെ രസീത് നം. 1 മുതൽ 77 വരെ എന്നിങ്ങനെ ആകെ 153 രസീതുകളാൽ 430 രൂപ വീതമായി ആകെ 65,790 രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും (രസീതുകളിലൊന്നും തീയ്യതി രേഖപ്പെടുത്തിയിട്ടില്ല) 31.03.2023 തീയ്യതിയിലെ 1220301114 നമ്പർ രസീത് പ്രകാരം ഫ്രണ്ട് ഓഫീസിൽ അടവാക്കിയത് 66,220 രൂപയാണ്. അതായത് 430 രൂപ അധികം. അധികമായി അടവാക്കിയ തുക ഇനി വരുന്ന രസീതുകളിൽ ഉൾപ്പെടുത്തി ക്രമീകരിക്കുന്നതാണെന്നും രസീതുകളിൽ തീയ്യതി രേഖപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

രസീത് ഉപയോഗം അപാകതകളില്ലാതെ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 തെരുവു വിളക്ക് സ്ഥാപിക്കൽ സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ തെരുവ് വിളക്ക് സ്ഥാപിക്കലും റിപ്പയറും നടത്തുന്നതിനായി ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് നമ്പറും പേരും | നിർവഹണ ഏജൻസി | ചെലവ് തുക | ബിൽനമ്പർ |
|---|---|---|---|
| തെരുവ് വിളക്ക് സ്ഥാപിക്കൽ(64/23) | KREWS | 2,50,000 വികസനഫണ്ട് | 188/9.12.22 |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 15.09.2011 ലെ 3055/ ഡി.എ3/ 2011 /തസ്വഭവ സർക്കുലറിലെ പൊതുവിവരണം ഖണ്ഡിക എച്ച്- പ്രകാരം കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അംഗീകാരമില്ലാതെ കരാറുകാരനോ തദ്ദേശസ്വയംഭരണ സ്ഥാപനമോ പുതുതായോ സ്ഥിരമായോ തെരുവ് വിളക്കനുബന്ധിത വസ്തുക്കൾ സ്ഥാപിക്കാൻ പാടുള്ളതല്ല. എന്നാൽ ഗ്രാമ പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അനുമതി വാങ്ങാതെയാണ്.
തദ്ദേശ സ്വയംഭരണ വകുപ്പ് വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സംസ്ഥാനതല കോർഡിനേഷൻ കമ്മറ്റിയുടെ (303/2021 /SRG/LSGD/(C.C) (1)) 14.7.2021 ൽ നടന്ന യോഗത്തിലെ തീരുമാനം നമ്പർ (3-7) ൽ അക്രഡിറ്റഡ് ഏജൻസികൾ ബന്ധപ്പെട്ട വകുപ്പിന്റെ മേൽനോട്ടത്തിലല്ലാതെ പദ്ധതികൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നത് നിയമവിരുദ്ധമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2) 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ്

പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം(കെ എസ് ഇ ബി പോസ്റ്റിന്റെ ലൊക്കേഷൻ ,നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.

3) പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം.ജി2-44274/2015 തി. 17.08.15 പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം. കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം. ഒരു Maintainace Register സെക്രട്ടറി സൂക്ഷിക്കണം. ആയത് പാലിച്ചിട്ടില്ല.

4) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പൂർത്തീകരണ സാക്ഷ്യ പത്രം, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ഇല്ലാതെയാണ് മേൽസൂചിപ്പിച്ച പ്രോജക്ടുകൾക്ക് തുക അനുവദിച്ചിട്ടുള്ളത്. ഏതെല്ലാം വാർഡിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപണി നടത്തിയെന്നതിന്റെ വിവരം (പോസ്റ്റ് നം. ഉൾപ്പെടെ) ലഭ്യമല്ല. വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത്. എന്നാൽ മിക്ക മെമ്പർമാർ നൽകിയ സാക്ഷ്യപത്രത്തിലും പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/15.7.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-21 ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടൻസി ഫീസ് IT ഈടാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ഹരിത സഹായ സ്ഥാപനം തുക വകയിരുത്തൽ എന്ന പദ്ധതി പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് ഹരിത സഹായ സ്ഥാപനം എന്ന നിലക്ക് 2,29,072 രൂപ ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ മുണ്ടൂർ (IRTC) പാലക്കാട് എന്ന സ്ഥാപനത്തിന് ടെക്നിക്കൽ സർവ്വീസ് ചാർജ് ആയി നൽകിയിട്ടുണ്ട് . എന്നാൽ 1961 ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194 (J) പ്രകാരമുള്ള 2% IT ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | നൽകിയ തുക. | വൗച്ചർ നമ്പർ | ഈടാക്കേണ്ട IT |
|---|---|---|---|
| ഹരിത സഹായ സ്ഥാപനം തുക വകയിരുത്തൽ(പ്രൊജക്ട് നമ്പർ.280/23) | 2,29,072 | 22201114/28.3.23 | 4581 |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/ 15-7 23 ന് മറുപടി നൽകിയിട്ടില്ല. IT ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതിയില്ല- സി.ഡി.എസ്. അക്കൗണ്ടിൽ പദ്ധതിപ്പണം മുടങ്ങിക്കിടക്കുന്നു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിലാരംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുള്ള ഏകീകൃത പദ്ധതി എന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി കുടുംബശ്രീയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ഇതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്)നം.252/2017/ത.സ്വ.ഭ.വ തി.12.12.2017 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. ഏറ്റവും ദുരിതം/ പ്രയാസം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. പദ്ധതി അടങ്കലിന്റെ 40% തുക അല്ലെങ്കിൽ പരമാവധി 40 ലക്ഷം രൂപ (ഇവയിലേതാണോ കുറവ്) ചലഞ്ച് ഫണ്ടായി കുടുംബശ്രീയിലൂടെ അനുവദിക്കുന്നു. സർക്കാർ നിശ്ചയിച്ച പ്രത്യേക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി കുടുംബശ്രീ മുഖേന സർവേ നടത്തിയാണ് അഗതി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ഏറ്റവും അർഹരായവർ മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടേണ്ടത്.

ആതവനാട് ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച പദ്ധതി 2019 ൽ പ്രവർത്തനം ആരംഭിച്ചതാണ്.

പദ്ധതിയുടെ വിശദ വിവരങ്ങൾ താഴെ നൽകുന്നു .

ഗുണഭോക്താക്കൾ - 150

ആകെ അടങ്കൽ - 1,16,83,500

വിവിധ പ്രവർത്തനങ്ങൾക്കായുള്ള പണം വകയിരുത്തൽ

| | |
|---|---|
| ഭക്ഷണം | 3042000 |

| | |
|---|---|
| ചികിത്സ | 582000 |
| വസ്ത്രം | 621000 |
| ഭവന നിർമ്മാണം | 0 |
| ഭവന പുനരുദ്ധാരണം | 6400000 |
| വിദ്യാഭ്യാസം | 297000 |
| ഭൂമി | 0 |
| റിസർവ് ഫണ്ട് | 73000 |
| മറ്റു ചെലവുകൾ | 15000 |
| കുടിവെള്ളം | 274000 |
| ശൗചാലയം | 379500 |
| ആകെ | 11683500 |

നാളിതു വരെയുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു .

ഭക്ഷണ കിറ്റ് നൽകുന്നതിന് 31,85,441 രൂപയും വിദ്യാഭ്യാസകിറ്റിന് 155875 രൂപയും ഭവന പുനരുദ്ധാരണത്തിന് 600000രൂപയും ശൗചാലയം നിർമ്മിക്കുന്നതിന് 15500 രൂപയും ഉൾപ്പെടെ മൊത്തം 39,56,816 രൂപ മാത്രമാണ് ചെലവഴിക്കാനായത്. അഗതി രഹിത കേരളത്തിന്റെ DPR പ്രകാരം ഭവന നിർമ്മാണം, സ്ഥലം വാങ്ങൽ എന്നിവക്ക് ഗുണഭോക്താക്കൾ ഇല്ല.
പ്രോജക്ട് നിർവ്വഹണം പരിശോധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിൽ വിഭാവനം ചെയ്ത രീതിയിൽ സേവനങ്ങൾ നൽകാനാവുന്നില്ല .

ചികിൽസ, കുടിവെള്ളം എന്നീ ആവശ്യങ്ങൾക്ക് ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ഈ ആവശ്യങ്ങൾക്ക് ഇതുവരെ ചെലവ് വന്നിട്ടില്ല

മൂന്ന് വർഷം കൊണ്ട് പൂർത്തീകരിക്കേണ്ട ഈ പദ്ധതി നടത്തിപ്പിൽ ഗുണഭോക്താക്കൾക്ക് അർഹമായ സേവനങ്ങൾ യഥാവിധി നൽകിയിട്ടില്ല എന്നാണ് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്. ഭവന പുനരുദ്ധാരണത്തിന് വേണ്ടി 6400000 രൂപ വകയിരുത്തിയതിൽ ഈ കാലയളവിൽ 600000 രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്.

പദ്ധതിക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ (Canara Bank, Puthanathani Branch A/c No.4612101007984) 20.7.2023 ന് 48,24,424 രൂപ നീക്കിയിരിപ്പുണ്ട്. ഭീമമായ തുക അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെങ്കിലും അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കാൻ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. അക്കൗണ്ടിൽ പദ്ധതിപ്പണം മുടങ്ങിക്കിടക്കുന്ന കാര്യം മുൻ വർഷ ആഡിറ്റ് റിപ്പോർട്ടിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നുവെങ്കിലും ( ഓഡിറ്റ് റിപ്പോർട്ട് 2021-22, ഖ-30) കാര്യമായ പുരോഗതി പദ്ധതി നടത്തിപ്പിൽ ഉണ്ടായിട്ടില്ല. സ.ഉ.(സാ.ധാ) നം.1751/2022/LSGD തി.21.7.22 പ്രകാരം പദ്ധതി കാലയളവ് നീട്ടി നൽകിയിട്ടും ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന ഭീമമായ തുക വിനിയോഗിക്കുന്നതിന് ക്രിയാത്മകമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

2. അക്കൗണ്ടിൽ ഭീമമായ തുക അവശേഷിക്കുമ്പോഴും പദ്ധതിപ്പണം പിൻവലിച്ചത് ക്രമ വിരുദ്ധം

സി.ഡി.എസ്. അക്കൗണ്ടിൽ ഭീമമായ തുക അവശേഷിക്കുമ്പോഴും പദ്ധതി ഫണ്ടിൽ നിന്നും 500000 രൂപ പിൻവലിച്ച് 12.10.2022 ന് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തു. (BRN-22150852026600637075/12.10.2022) ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ലെന്ന് 12.4.2006 ലെ ജി.ഒ.( പി) 177/2003/ധന നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ പദ്ധതിക്ക് വേണ്ടി വകയിരുത്തിയ പദ്ധതിപ്പണം മുൻകൂറായി പിൻവലിച്ചത് ക്രമ വിരുദ്ധമായി കണക്കാക്കുന്നു.

പദ്ധതിപ്പണം മുടങ്ങിക്കിടക്കുന്നതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-15/21.7.2023 നുള്ള മറുപടിയിൽ ബാക്കി നൽകുന്ന തുകയിൽ നിന്ന് ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട അഗതി ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി ധന സഹായം അനുവദിക്കുന്നതിന് നിലവിലുള്ള അഗതി രഹിത കേരളം പദ്ധതി ഡി.പി.ആറിൽ ഭവന പുനരുദ്ധാരണം, ഭവനം, ഭൂമി എന്നീ സേവനങ്ങൾക്കുള്ള തുകകൾ മൊത്തം പദ്ധതി അടങ്കൽ തുകയിൽ മാറ്റം വരുത്താതെ ഭേദഗതി വരുത്തുന്നതിന് കുടുംബശ്രീ മിഷന്റെ അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ടെന്നും പദ്ധതി റിവൈസ് ചെയ്ത് ലഭിച്ചാൽ ഏകദേശം 22 ലക്ഷം രൂപ ഭവന നിർമ്മാണത്തിനും ഭൂമി വാങ്ങുന്നതിനും ഉപയോഗപ്പെടുത്തുമെന്ന് അറിയിച്ചു. ബാക്കി തുക ഭക്ഷ്യ ധാന്യ കിറ്റ് വിതരണം നടത്തുന്നതിന് വിനിയോഗിക്കുമെന്നും അറിയിച്ചു. ചലഞ്ച് ഫണ്ട് തീർന്ന സാഹചര്യത്തിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന പദ്ധതി ഫണ്ടിൽ നിന്നും ഭക്ഷ്യ ധാന്യ കിറ്റ് വിതരണം നടത്തുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ 15.7.2023 ലെ 10(1) നമ്പർ തീരുമാനപ്രകാരം അനുമതി നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി പ്രകാരമുള്ള തുടർ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതും മുടങ്ങിക്കിടക്കുന്ന ഫണ്ട് അർഹരായ ഗുണഭോക്താക്കൾക്ക് ധന സഹായം നൽകുന്നതിന് വിനിയോഗിക്കേണ്ടതുമാണ്.

## 1-23 ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിച്ചില്ല

| വൗച്ചർ നമ്പർ | ജീവനക്കാരുടെ എണ്ണം | നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| 22200408 /18.9.22 | 9 | 1,65,000 (8 X 20000+1 X 5000) | 1,45,000 | 20,000 |

2022-23 സാമ്പത്തിക വർഷത്തിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 165000രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ഗ്രാമ പഞ്ചായത്തിലെ 9 ജീവനക്കാർക്ക് (8 X 20000+1 X 5000) വിതരണം ചെയ്തിട്ടുണ്ട്. ഈയിനത്തിൽ 20,000രൂപ കൈപ്പറ്റിയ താഴെ പറയുന്ന ജീവനക്കാർ നാളിതു വരെ തുക തിരിച്ചടച്ചതായി കാണുന്നില്ല.

| ജിവനക്കാരുടെ പേര് | കൈപറ്റിയ ഫെസ്റ്റിവൽ അഡ്വാൻസ് | തിരിച്ചടച്ചത് | ബാക്കി |
|---|---|---|---|
| ശ്രീ. ശ്രീകാന്ത് ഹെഡ് ക്ലാർക്ക് | 20000 | 4000 | 16000 |
| ശ്രീമതി.റിഷ ക്ലാർക്ക് | 20000 | 16000 | 4000 |
| | | ആകെ | 20,000 |

കൂടാതെ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ നൽകിയ 36,000 രൂപയുടെ ഫെസ്റ്റിവൽ അഡ്വാൻസ് ക്രമീകരിക്കാൻ അവശേഷിച്ചതിൽ 3000 രൂപ മാത്രമേ ഈ വർഷം ക്രമീകരിച്ചിട്ടുള്ളൂ.ബാക്കി 33,000 രൂപ ഇനിയും ക്രമീകരിച്ചിട്ടില്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 16/21.7.23 ന് നൽകിയ മറുപടിയിൽ തുക പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കുന്നതാണ് എന്ന് അറിയിച്ചു .തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 വരൾച്ചാ ബാധിത പ്രദേശങ്ങളിലെ കുടിവെള്ള വിതണം- അപാകതകൾ

സർക്കാർ ഉത്തരവ് (സാധാ)നമ്പർ 652/2022/ത.സ്വ.ഭ.വ തിയതി 16.3.22 ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ മുഖേന ശ്രീ.അബ്ദുൾ അസീസ്, മച്ചിഞ്ചേരി എന്ന കരാറുകാരനെ ചുമതലപ്പെടുത്തുകയും KL-57 -A6671, KL56-5234 എന്നീ വാഹനങ്ങളിൽ താഴെ പറയും പ്രകാരം കുടിവെള്ള വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.
ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൌച്ചർ നമ്പർ | തുക | ഫണ്ട് | വിതരണം ചെയ്ത തിയതി |
|---|---|---|---|
| 22200241/16.07.22 | 3,36,312 | തനത് ഫണ്ട് | 19.04.22 മുതൽ 18.05.22 വരെ |
| ആകെ | 3,36,312 | | |

കുടിവെള്ള വിതരണം നടത്തിയതിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപെട്ടു.

1) മേൽ ഉത്തരവ്, ഖണ്ഡിക 2 പ്രകാരം വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തേണ്ടത് ജി.പി.എസ് ഘടിപ്പിച്ച വാഹനങ്ങളിൽ ഗുണനിലവാരം ഉറപ്പ് വരുത്തി ആയിരിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവ് ഖണ്ഡിക 3 ൽ ജില്ലാതല റവന്യൂ അധികാരികൾക്ക് മോണിറ്ററിങ്ങ് നടത്തുന്നതിനായി ജി.പി.എസ് ട്രാക്കിംങ് സംവിധാനവും ലഭ്യമാക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കുടിവെള്ള വിതരണം നടത്തിയത് ജി.പി.എസ് ഘടിപ്പിച്ച

വാഹനങ്ങളിലാണോ എന്ന് വ്യക്തമല്ല. ജി.പി.എസ് ലോഗ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വെള്ളം വിതരണം നടത്തിയതിന്റെ ട്രിപ്പ്ഷീറ്റ്, സ്റ്റേറ്റ്മെന്റ് എന്നിവ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്.

2) കുടിവെള്ള വിതരണം കൃത്യമായി മോണിറ്ററിംഗ് ചെയ്തിട്ടില്ല. വാർഡ് മെമ്പർമാർ, ചുമതലയുള്ള ഉദ്യോഗസ്ഥർ, ഗുണഭോക്താക്കൾ തുടങ്ങിയവരിൽ നിന്നും ഇത് സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 22/22.7.23 ന് നൽകിയ മറുപടിയിൽ രേഖകൾ ഫയലിനോടൊപ്പം സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചു. ജി.പി.എസ് ലോഗ്, ബന്ധപ്പെട്ടവരുടെ സാക്ഷ്യപത്രങ്ങൾ, എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-25 മരുന്ന് ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ<br>(പ്രോജക്റ്റ് നമ്പർ.11/2022-23) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ<br>ആയുർവ്വേദം |
| അടങ്കൽ | 3,00,000 |
| ചെലവ് | 3,00,000( Maintanance Fund Non Road) |
| ബിൽ നമ്പർ | 314/27.2.2023 |
| പ്രൊഫോർമ ഇൻവോയിസ് നമ്പർ | PF- 1180/19.1.2023 |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ഹോംക്കോക്ക് മുൻകൂറായി 300000/- രൂപ ( Maintanance Fund Non Road) നല്കിയിരുന്നു, എന്നാൽ നാളിതു വരെ മേൽ തുകക്കുള്ള മരുന്നുകൾ ഒന്നും തന്നെ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ.7/2023 തിയ്യതി 19.07.2023 ന് നൽകിയ മറുപടി മരുന്ന് ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-26 കാട്ടിലങ്ങാടി ജി.എൽ.പി സ്കൂൾ നവീകരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയ കാട്ടിലങ്ങാടി ജി.എൽ.പി സ്കൂൾ നവീകരണം എന്ന പ്രവൃത്തിക്ക് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണം | ഹെഡ്മിസ്ട്രസ്, കാട്ടിലങ്ങാടി ജി.എൽ.പി സ്കൂൾ |
| അടങ്കൽ | 4,50,000 ( തനത് ഫണ്ട്) |
| പ്രോജക്റ്റ് | കാട്ടിലങ്ങാടി ജി.എൽ.പി സ്കൂൾ നവീകരണം (നം.269/23) |
| വൗച്ചർ നമ്പർ | 22200495/25.10.22 |
| ചെലവഴിച്ച തുക | 4,50,000 |

മേൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 6-1 പ്രകാരം വിശദമായ പ്ലാനും

എസ്റ്റിമേറ്റും തയ്യാറാക്കാതെയും അതിന്ന സാങ്കേതികാനുമതി ലഭിക്കാതെയും പൊതുമരാമത്ത് പ്രവൃത്തികൾ ആരംഭിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും സാങ്കേതികാനുമതി ലഭ്യമാക്കാതെയുമാണ്.

2. പഞ്ചായത്ത് അസി.എഞ്ചിനിയറുടെ മേൽനോട്ടത്തിലും ചുമതലയിലുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്. എസ്റ്റിമേറ്റ് PWD Code ൽ നിർദേശിക്കുന്ന ഫോറത്തിൽ ആയിരിക്കണമെന്നും ആയതിനൊപ്പം പ്രൊജക്ട് റിപ്പോർട്ടും സ്പെസിഫിക്കേഷൻ സ്റ്റേറ്റ്മെന്റ്, വിശദമായ മെഷർമെന്റ്, ഓരോ ഇനത്തിലും വരുന്ന മതിപ്പ് ചെലവും ആകെ ചെലവും കാണിക്കുന്ന പത്രിക എന്നിവ ഉണ്ടായിരിക്കണമെന്നും ചട്ടം- 6-2 ൽ നിർദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല.

3.പദ്ധതിയുടെ ആവശ്യകത, പ്രത്യേകതകൾ, ഏകദേശ പൂർത്തീകരണ കാലം എന്നിവ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

4. ജി.ഒ.(എം.എസ്)84/2022/ത.സ്വ.ഭ,വ തിയതി.19.4.22 പ്രകാരം ഒരു ലക്ഷമോ അതിൽ താഴെയോ എസ്റ്റിമേറ്റ് തുകയുള്ള പ്രവർത്തികൾ മാത്രമാണ് ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കാൻ അനുമതിയുള്ളത്. സ്വന്തം നിലക്ക് പ്രവർത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക സാങ്കേതിക സന്നദ്ധതയുള്ള പി.ടി.എ കമ്മറ്റികൾക്ക് നിബന്ധനകൾക്ക് വിധേയമായി ബന്ധപ്പെട്ട സ്കൂളിന്റെ നിർമ്മാണ പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പി.ടി.എ. കമ്മിറ്റി നിർവ്വഹണം ഏറ്റെടുത്തുവെങ്കിലും 20.8.2022 ലെ പി.ടി.എ. തീരുമാന പ്രകാരം വിവിധ വർക്കുകൾക്ക് ക്വട്ടേഷൻ വിളിക്കുകയാണ് ചെയ്തത്. ഏറുമാടം, കളിക്കിണർ, പ്രകടനവേദി, ഫ്ലവർഫെൻസിംഗ്, നടപ്പാത, ആർട്ട് വർക്ക് (പെയിന്റിംഗ്) എന്നീ പ്രവൃത്തികൾ ഘട്ടം ഘട്ടമായി ചെയ്യുന്നതിനാണ് ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളത്. 28.8.2022 ലെ ക്വട്ടേഷനിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്ത ശ്രീ. രാജേഷ്.പി.പി. എന്നയാളുടെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. (തുക-455000), എന്നാൽ പ്രസ്തുത ക്വട്ടേഷൻ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതായി രേഖയില്ല.

5. കൺവീനർ ഗ്രാമ പഞ്ചായത്തുമായി എഗ്രിമെന്റ് വെച്ചിട്ടില്ല.

6. പ്രവൃത്തി കൺവീനറെ ചുമതലപ്പെടുത്തുന്ന ഒരു സമ്മതപത്രം സമിതിയിലെ എല്ലാ അംഗങ്ങളും ഒപ്പിട്ട് പഞ്ചായത്തിന് നൽകണം

7. പ്രവൃത്തിയുടെ വരവ് ചെലവ് കണക്കുകൾ കൺവീനർ എഴുതി സൂക്ഷിച്ചിട്ടില്ല.

8. സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെയല്ല പണമിടപാടുകൾ നടത്തിയിട്ടുള്ളത്.

9. നിർമ്മാണ സാമഗ്രികൾ വാങ്ങിയ 76543 രൂപയുടെ ബില്ലുകൾ ആധികാരികമാക്കിയിട്ടില്ല. വിവിധ വർക്കുകൾക്ക് കൂലി നൽകിയതായി കാണിക്കുന്ന (വെൽഡിംഗ്-74100, ആർട് വർക്ക്-72000, മേസ്തിരി വർക്ക്- 64200, പെയിന്റിംഗ്-72000) ആധികാരികമല്ലാത്ത വൗച്ചറുകളാണ് ഫയലിലുള്ളത്. മൊത്തം 424243 രൂപയുടെ ആധികാരികമല്ലാത്ത ചെലവ് രേഖകളാണ് (ബില്ലുകളും വൗച്ചറുകളും) ഹാജരാക്കിയിട്ടുള്ളത്. 25757 രൂപയുടെ (450000-424243) ചെലവിന് ആധാരമായ രേഖകളില്ല.

10. പ്രവൃത്തിയുടെ അളവുകൾ സാങ്കേതികക്ഷമതയുള്ള ഉദ്യോഗസ്ഥർ രേഖപ്പെടുത്തുകയോ പ്രവർത്തി മൂല്യ നിർണയം ചെയ്യുകയോ ചെയ്തിട്ടില്ല. നികുതി തുകകൾ കുറവ് ചെയ്യാതെയാണ് പേയ്മെന്റ് നൽകിയിട്ടുള്ളത്.

നടപടിക്രമങ്ങൾ പാലിക്കാതെയും സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് മൂല്യനിർണ്ണയം നടത്താതെയും പദ്ധതിപ്പണം ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-23/22.7.23 ന് അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്നും പ്രവൃത്തി അസി.എഞ്ചിനീയറെക്കൊണ്ട് മൂല്യ നിർണ്ണയം നടത്തി തുക ക്രമീകരിക്കുന്നതാണെന്നും ഹെഡ്മിസ്ട്രസ് അറിയിച്ചു.

നടപടിക്രമങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതും തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-27 വിനിയോഗ/പൂർത്തീകരണ വിവരം ലഭ്യമല്ല

ആതവനാട് ഗ്രാമ പഞ്ചായത്ത് 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ മുഖേന വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു.

## 1-27-1 കേരള സാമൂഹ്യ സുരക്ഷാമിഷന് വിഹിതം

| ക്രമ നം | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | അടങ്കൽ തുക, ഫണ്ടിനം | ചെലവ് തുകയും ഫണ്ട് കൈമാറിയ സ്ഥാപനവും |
|---|---|---|---|
| 1. | 170/23 - സാമൂഹ്യ സുരക്ഷാമിഷൻ വിഹിതം | 5,00,000/-<br>വികസന ഫണ്ട് | 5,00,000/-<br>ബിൽ നം/തീ. : 236/09.01.23<br>കേരള സാമൂഹ്യ സുരക്ഷാമിഷൻ |
| | ആകെ | 5,00,000/- | |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 3/15.7.23ന് നൽകിയ മറുപടിയിൽ വിനിയോഗ

സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

### 1-27-2 ജലജീവൻ മിഷൻ പദ്ധതിയ്ക്ക് വിഹിതം

| ക്രമ നം | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | അടങ്കൽ തുക (₹) , ഫണ്ടിനം | ചെലവ് തുകയും ഫണ്ട് കൈമാറിയ സ്ഥാപനവും |
|---|---|---|---|
| 1. | 63/23<br>ജലജീവൻ മിഷൻ പദ്ധതി-<br>പഞ്ചായത്ത് വിഹിതം | 44,000/-<br>വികസന ഫണ്ട് | 44,000/-<br>ബിൽ നം. 217/28.12.22<br>കേരള ജല അതോറിറ്റി |
| 2. | 167/23<br>ജലജീവൻ മിഷൻ പദ്ധതി-<br>പഞ്ചായത്ത് വിഹിതം | 20,00,000/-<br>വികസന ഫണ്ട് | 10,72,020/-<br>ബിൽ നം. 213/23.12.22<br>കേരള ജല അതോറിറ്റി |
| | ആകെ | 20,44,000/- | 11,16,020/- |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 3/15.7.23ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

### 1-27-3 ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ

| ക്രമ നം | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | അടങ്കൽ തുക (₹) , ഫണ്ടിനം | ചെലവ് തുകയും ഫണ്ട് കൈമാറിയ സ്ഥാപനവും |
|---|---|---|---|
| 1. | 9/23<br>ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 89,971/-<br>തനത് ഫണ്ട് | 24,316/- Vr.No.22200030/29.4.22<br>7,028/- Vr.No. 222000105/17.5.22<br>34,151/- Vr.No.222000171 /17.6.22<br>17,777/- Vr.No.222000528 /3.11.22<br>6,699/- Vr.No.2220005615/8.11.22<br>ആകെ ₹89,971/-<br>കെ.എസ്.ഇ.ബി |
| 2. | 288/23<br>ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 54,492/-<br>തനത് ഫണ്ട് | 25,840/- Vr.No.22201194/31.3.23<br>28,652/- Vr.No.22201116/28.3.23<br>ആകെ ₹54,492/-<br>കെ.എസ്.ഇ.ബി |
| | ആകെ | 1,44,463 /- | 1,44,463 /- |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/15.7.23ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

### 1-27-4 മിനിമാസ്റ്റ്/ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

| ക്രമ നം | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | അടങ്കൽ തുക (₹), ഫണ്ടിനം | ചെലവ് തുകയും ഫണ്ട് കൈമാറിയ സ്ഥാപനവും |
|---|---|---|---|
| 1. | 52/23- സി.എച്ച് നഗർ (പൂളമംഗലം ജംഗ്ഷൻ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ) | 1,05,000/-<br>വികസന ഫണ്ട് | 1,05,000/-<br>ട്രഷറി ബിൽ നം. 81/24.09.22<br>ഫെയ്മസ് ഇലക്ട്രിക്കൽ ആന്റ് പവ്വർ സൊല്യൂഷൻ |
| 2. | 53/23 – പട്ടർകല്ല് ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 2,00,000/-<br>തനത് ഫണ്ട് | 1,05,000/-<br>Vr.No.22200228/7.7.22<br>ന്യൂ-ടെക് സൊല്യൂഷൻ |
| | ആകെ | 3,05,000/- | 2,10,000/- |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 3/15.7.23ന് നൽകിയ മറുപടിയിൽ നല്ല രീതിയിൽ പ്രവൃത്തി ബന്ധപ്പെട്ട സ്ഥാപനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രവർത്തികൾക്കായി വൈദ്യുതി കണക്ഷന് കെ.എസ്.ഇ.ബിക്ക് കത്ത് നൽകിയിട്ടുണ്ട്. ഇൻസ്റ്റാലേഷൻ റിപ്പോർട്ട്

ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു.

### 1-27-5 സമഗ്ര ശിക്ഷ കേരള പദ്ധതിയ്ക്ക് വിഹിതം

| ക്രമ നം | പ്രൊജക്ട് നമ്പറും പ്രൊജക്ടിന്റെ പേരും | അടങ്കൽ തുക (₹) , ഫണ്ടിനം | ചെലവ് തുകയും ഫണ്ട് കൈമാറിയ സ്ഥാപനവും |
|---|---|---|---|
| 1. | 166/23<br>SSK വിഹിതം | 13,00,000/-<br>വികസന ഫണ്ട് | 10,00,000/-<br>Bill No. 97/10.10.22<br>ഡയറക്ടർ, SSK സ്റ്റേറ്റ് പ്രൊജക്ട് |
| | ആകെ | 13,00,000/- | 10,00,000/- |

ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/15.7.23ന് നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി. എന്നാൽ എസ്.എസ്.കെ ഗ്രാമ പഞ്ചായത്തുമായി ചേർന്ന് ഗ്രാമ പഞ്ചായത്തുകളിലെ സ്കൂളുകളിൽ നടപ്പിലാക്കേണ്ട പദ്ധതികളെ കുറിച്ചുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

### 1-28 സാക്ഷരത/തുടർ സാക്ഷരത പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ)115/2022/ത.സ്വ.ഭ.വ തിയതി 28.5.22 ഖണ്ഡിക 7.4.5 പ്രകാരം ഗ്രാമ പഞ്ചായത്തിൽ തുടർ സാക്ഷരത പദ്ധതിക്കായി സാക്ഷരതമിഷനിലേക്ക് ഫീസ് അടക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണം | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | 2,50,000 |
| പ്രോജക്ട് | സാക്ഷരത/തുടർ സാക്ഷരത പ്രവർത്തനങ്ങൽക്ക് ഫണ്ട് (നം.175/23) |
| ബിൽ നമ്പർ | ചെലവഴിച്ച തുക |
| 291/14.2.23 | 67,750 ( വികസന ഫണ്ട്) |
| 388/16.3.23 | 21,110 ( വികസന ഫണ്ട്) |
| 421/21.3.23 | 24,475 ( വികസന ഫണ്ട്) |
| ആകെ | 1,13,335 |

ഈ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.തുടർ സാക്ഷരത-പരീക്ഷ എഴുതാത്ത വിദ്യാർത്ഥികളുടെ ഫീസ് റീഫണ്ട് ചെയ്തു.

പഠിതാക്കൾക്ക് അവർ സാക്ഷരതാ മിഷനിൽ നൽകിയ ഫീസ് താഴെ പറയും പ്രകാരം റീഫണ്ട് ചെയ്തു നൽകിയിട്ടുണ്ട്

| ക്ലാസ് | പഠിതാക്കളുടെ എണ്ണം | ഫീസ് | ആകെ | പരീക്ഷ എഴുതിയത് |
|---|---|---|---|---|
| 10 | 11 | 1750 | 19250 | 0 |
| +1 | 13 | 2250 | 29250 | 12 |
| +2 | 13 | 2000 | 26,000 | 12 |

താഴെ പറയുന്ന വിദ്യാർത്ഥികൾ പ്രസ്തുത പരീക്ഷ എഴുതിയിട്ടില്ലെങ്കിലും അവരുടെ പേഴ്സണൽ അക്കൌണ്ടിലേക്ക് തുക റീഫണ്ട് ചെയ്തതായി കാണുന്ന കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമ നം | പേര് | കോഴ്സ് | അക്കൌണ്ട് നമ്പർ | നൽകിയ തുക |
|---|---|---|---|---|
| 1 | ശ്രീ.സുഫിയാൻ | +1 തുല്യത | CNR-4612101009452 | 2250 |
| 2 | ശ്രീ.മുഹമ്മദ് ഷഫീക്ക് | +2 തുല്യത | CNR-4612101008010 | 2000 |
| | | | ആകെ | 4250 |

2. 10 ാം തരം തുല്യത പഠിതാക്കളുടെ പരീക്ഷ എഴുതിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

10 ാം തരം തുല്യത പരീക്ഷക്കായി 11 പഠിതാക്കൾ സാക്ഷരതാ മിഷനിൽ രജിസ്റ്റർ ചെയ്ത് ഫീസ് അടച്ചിട്ടുണ്ടെങ്കിലും പരീക്ഷ എഴുതിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-9/19.7.23 ന് മറുപടി നൽകിയിട്ടില്ല. പരീക്ഷ എഴുതാത്ത വിദ്യാർത്ഥികൾ 3വർഷത്തിനുള്ളിൽ പരീക്ഷ എഴുതി എന്ന് ഉറപ്പാക്കേണ്ടതും

അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതുമാണ്.

### 1-29 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | ഹെഡ്മിസ്ട്രസ് |
| അടങ്കൽ | 1,00,000 |
| പ്രോജക്ട് | രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം (നം.182/23) |
| ബിൽ നമ്പർ | 291/14.2.23 |
| ചെലവഴിച്ച തുക | 66,000 ( തനത് ഫണ്ട് ) |
| ഇൻവോയ്സ് നമ്പർ | B-22-23/12105/24.3.23 |
| വൗച്ചർ നമ്പർ | 22201186/30.3.23 |

സർക്കാർ ഉത്തരവ് (കൈ)115/2022/ത.സ്വ.ഭ.വ തിയതി 28.5.22 ഖണ്ഡിക 7.7.2 പ്രകാരം ഗ്രാമ പഞ്ചായത്തിലെ 11 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് ക്വട്ടേഷൻ മുഖേന യാക്കാ സ്പോർട്സ്, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിൽ നിന്നും സ്പോർട്സ് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം വിതരണം ചെയ്യേണ്ട സ്പോർട്സ് ഉപകരണങ്ങൾ തെരെഞ്ഞെടുക്കേണ്ടത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള യുവജന ക്ലബുകളുടെ ഏകോപന സമിതി ആയിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.എന്നാൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിനായി മേൽ ഏകോപന സമിതി ഇപ്രകാരം യോഗം ചേർന്നതിന്റെ രേഖകൾ ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-11/20.7.23 ന് മറുപടി നൽകിയിട്ടില്ല.ഭാവിയിൽ സ്പോർട്സ് ഉപകരണങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ സർക്കാർ ഉത്തരവുകൾ കർശനമായും പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 124/2023 - നെൽകൃഷി വികസനം - സുസ്ഥിര കൃഷി | 3,50,000 | 3,50,000 | 0 |
| | 139/2023 - ലൈഫ് പദ്ധതി - ജനറൽ | 1,68,721 | 1,68,721 | 0 |
| | 140/2023 - ലൈഫ് പദ്ധതി - എസ് സി | 3,60,000 | 3,60,000 | 0 |
| | 176/2023 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 6,90,000 | 6,90,000 | 0 |
| | 284/2023 - സൊസൈറ്റിയിൽ പാലളക്കുന്ന വനിതാ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,49,805 | 2,49,805 | 0 |
| | 292/2023 - ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ ജനറൽ | 2,00,000 | 2,00,000 | 0 |
| | 293/2023 - ലൈഫ് ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ എസ് സി | 6,75,000 | 6,75,000 | 0 |
| | ആകെ | 26,93,526 | 26,93,526 | 0 |
| ജില്ലാ പഞ്ചായത്ത് | 139/2023 - ലൈഫ് പദ്ധതി - ജനറൽ | 8,40,000 | 8,40,000 | 0 |
| | 140/2023 - ലൈഫ് പദ്ധതി - എസ് സി | 7,20,000 | 7,20,000 | 0 |
| | 176/2023 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,30,000 | 2,30,000 | 0 |
| | ആകെ | 17,90,000 | 17,90,000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻവർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ലോൺ | - | 0 | 46,60,634 | 6,83,537 | - | 39,77,097 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 26,32,276 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) (₹) | 1,77,678 |
| ആകെ (₹) | 28,09,954 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 28,09,954 |

2022-23 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക (₹) | രശീതിനമ്പർ/തീയതി |
|---|---|---|
| ആതവനാട് സർവ്വീസ് സഹകരണബാങ്ക് | 9,31,448 | 201000528/04.01.23 |
| കുറുമ്പത്തൂർ സർവ്വീസ് സഹകരണബാങ്ക് | 18,78,506 | 4603/24.01.23 |
| ആകെ | 28,09,954 | |

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആൾ | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2006-07 | 2-2 | 900 | സെക്രട്ടറി | 1220102937/03.09.2022 |
| 2020-21 | 1-17 | 4409 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220101067/26-05-22 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-02 (Plan) | Part II I | 2004-05 | - | അങ്കണവാടി കെട്ടിട നിർമ്മാണം മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു |
| ” | 6,7 | 2004-05 | - | PHC നിർമ്മാണം മുൻകൂർ ക്രമീകരിച്ചില്ല | ” |
| 2014-15 | 2(1), 2(2), 2(3), 2(4) | 2016-17 | - | വസ്തു നികുതി, തൊഴിൽ നികുതി സംബന്ധിച്ച അനുബന്ധങ്ങൾ | ” |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക (₹) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 1996-97 | 46,47, 51 (1) (2) | കെ. മൊയ്തുണ്ണി | LF 7739/ Spl.cell/SC1/2000 16.03.2002 | 39,278 | അടവാക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 7,55,22,536 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 5,57,23,821 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 23,06,795 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 3,36,312 | ശ്രീ. സക്കീർ ഹുസൈൻ. കെ. കെ, സെക്രട്ടറി |
| 1-27-1 | 5,00,000 | ശ്രീ. മുഹമ്മദ് ഇസ്മായിൽ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-27-2 | 11,16,020 | ശ്രീ. മുഹമ്മദ് ഇസ്മായിൽ, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-27-3 | 89,971 | ശ്രീ. സക്കീർ ഹുസൈൻ. കെ. കെ, സെക്രട്ടറി |
| | 54,492 | ശ്രീമതി. അനിഷ. വി, സെക്രട്ടറി |
| 1-27-4 | 2,10,000 | ശ്രീ. സക്കീർ ഹുസൈൻ. കെ. കെ, സെക്രട്ടറി |
| ആകെ | 23,06,795 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | കെ.എസ്.എ.എം.പി.എം.13/2191/22(3), തീ : 16-11-2022 | 5 | |
| 1997-98 | കെ.എസ്.എ.എം.പി.എം.13/2191/22(4) തീ : 16-11-2022 | 5 | |
| 1998-99 | എൽ.എഫ്.എം.12/875/04, തീ : 19.10.2010 | 8 | |
| 1999-00 | എൽ.എഫ്.എം.13/1473/04, തീ : 19.10.2010 | 3 | |
| 2000-01 | എൽ.എഫ്.എം.13/ 1474/04, തീ : 19.10.2010 | 1 | |
| 2001-02 | എൽ.എഫ്.എം.12/1475/04, തീ : 19.10.2010 | 3 | |
| 2002-03 | എൽ.എഫ്.എം.0/279/08, തീ : 19.10.2010 | 4 | |
| 2003-04 | എൽ.എഫ്.എം.13/280/08, തീ : 19.10.2010 | 3 | |
| 2004-05 | എൽ.എഫ്.എം.19/2022/08,, തീ : 19.10.2010 | 22 | |
| 2005-06 | കെ.എസ്.എ.എം.പി.എം.13/2191/22(5), തീ : | 9 | |
| 2006-07 | കെ.എസ്.എ.എം.പി.എം.13/2191/22(6), തീ : 16-11-2022 | 14 | |
| 2007-08 | എൽ.എഫ്.എം.13/537/12, തീ : 24.04.2012 തീയതി, 17-09-2012 | 24 | |
| 2008-09 | എൽ.എഫ്.എം.13/538/12, തീ : 24.04.2012 തീയതി, 17-09-2012 | 18 | |

| | | | |
|---|---|---|---|
| 2009-10, 2010-11 | എൽ.എഫ്.എം.13/1623/13, തീ : 25.09.2013 | 25 | |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.13/1562/15, തീ : 04-03-2016 | 21 | |
| 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.13/1874/16, തീ : 07-05-2022 | 20 | |
| 2015-16 | കെ.എസ്.എ.എം.പി.എം.13/3019/16, തീ : 20-02-2018 | 22 | |
| 2016-17 | കെ.എസ്.എ.എം.പി.എം.13/2015/2017, തീ : 07-05-2022 | 18 | |
| 2017-18 | കെ.എസ്.എ.എം.പി.എം.13/49/19, തീ : 02-7-2018 | 21 | |
| 2018-19 | കെ.എസ്.എ.എം.പി.എം.13/239/20, തീ : 19.11.2020 | 25 | |
| 2019-20 | കെ.എസ്.എ.എം.പി.എം.13/913/21, തീ : 12-07-2022 | 22 | |
| 2020-21 | കെ.എസ്.എ.എം.പി.എം.13/1245/22, തീ : 07-10-2022 | 16 | |
| 2021-22 | കെ.എസ്.എ.എം.പി.എം.13/2397/2022, തീ : 17-04-2023 | 19 | |

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 37(1) dated 17-06-2023 and submitted on 26-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Athavanad Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Athavanad Grama Panchayat for the year 2022-2023

Date: 07/09/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Athavanad Grama Panchayat for the Year 2022-2023.

**1.Major Observations**

NIL

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit
   i. Ratios
   ii. Notes on accounts
   iii. Comparative amounts
2. A few Figures in annual financial statements are not recorded in whole numbers in accordance with accounting rules
3. Lapses in making timely demand entries in respect of tax and non-tax revenue
4. Income over expenditure amount recorded wrongly in the abstract of Income and expenditure statement, although correctly carried over to balance sheet
5. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
6. The following registers are not maintained

    i. Advance register
    ii. Deposit register
    iii. Investment register

7. The following register is not up to date and is not reliable for audit
    i. Asset register

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്